"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

യു.ജി.സി പെൻഷണറായ ശ്രീമതി കെ. ഓമന ഫിലിപ്പിന്റെ (പി.പി.ഒ നമ്പർ 110813359) വൺ റാങ്ക് വൺ പെൻഷൻ (OROP) പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ -ബി) വകുപ്പ്

സ.ഉ.(സാധാ) നം.8998/2026/FIN തീയതി,തിരുവനന്തപുരം, 24-11-2026

പരാമർശം:- 1. അക്കൗണ്ടന്റ് ജനറലിന്റെ 07/10/2016 തീയതിയിലെ പി-18/2100813238/3പി/16/15/70315110 നമ്പർ ഓതറൈസേഷൻ.

2. ട്രഷറി ഡയറക്ടറുടെ 30/06/2026 തീയതിയിലെ TRY/2846/2026-P7 നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം മാർ ബസേലിയസ് കോളേജിൽ നിന്നും ലക്ചറർ സെലക്ഷൻ ഗ്രേഡ് (യുജിസി) തസ്തികയിൽ സ്വയം വിരമിക്കൽ വ്യവസ്ഥയിൽ 05/06/2006-ന് വിരമിച്ച ശ്രീമതി കെ. ഓമന ഫിലിപ്പ് കോട്ടയം ജില്ലാ ട്രഷറിയിൽ നിന്നും പി.പി.ഒ നമ്പർ 110813359 പ്രകാരം പെൻഷൻ കൈപ്പറ്റി വരികയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം (1) ഓതറൈസേഷൻ പ്രകാരം ടിയാൾക്ക് ആറാം യുജിസി നിരക്കിൽ പെൻഷൻ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും, തുടർന്ന് ശ്രീമതി കെ. ഓമന ഫിലിപ്പിന്റെ പെൻഷൻ ഏഴാം യു.ജി.സി പരിഷ്കരണം അടിസ്ഥാനമാക്കി പരിഷ്കരിച്ചു നൽകിയിരുന്നെങ്കിലും വൺ റാങ്ക് വൺ പെൻഷൻ പരിഷ്കരണം അതോടൊപ്പം നടത്തിയിട്ടില്ലായെന്നും ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏഴാം യു.ജി.സി പരിഷ്കരണത്തിലെ ശമ്പളസ്കെയിൽ അടിസ്ഥാനമാക്കി 01/07/2019 മുതൽ ടിയാളുടെ വൺ റാങ്ക് വൺ പെൻഷൻ ₹45,990/-ആയി പുനർനിർണ്ണയിക്കുകയും അന്നു മുതൽ ഏപ്രിൽ 2026 വരെയുള്ള കുടിശ്ശിക 18,79,991/- (പതിനെട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊന്ന്) രൂപയായി കണക്കാക്കുകയും ചെയ്ത ശേഷം കുടിശ്ശിക സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും സഹിതം ടി കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. UGC/AICTE/MES വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ഏഴാം കേന്ദ്ര പെൻഷൻ പരിഷ്കരണം നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച സർക്കുലർ No.28/2021/Fin dated 19/03/2021 പ്രകാരം പെൻഷനർ പ്രത്യേകം അപേക്ഷ നൽകാതെ തന്നെ ട്രഷറി പെൻഷൻ പരിഷ്കരിച്ചു നൽകേണ്ടതാണ്. 01/01/2016 പ്രാബല്യത്തിൽ ഏഴാം യു.ജി.സി പരിഷ്കരണം അനുവദിച്ച GO(P) No.41/2021/Fin dated 26/02/2021 പ്രകാരം പരിഷ്കരണ കുടിശിക തുകയ്ക്ക് 01/07/2019 മുതലാണ് അർഹതയുള്ളത്. എന്നാൽ സാധാരണ പരിഷ്കരണ പ്രകാരമുള്ള പെൻഷൻ തുക മാത്രമേ ട്രഷറിയിൽ നിന്നും അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ 01/07/2019 മുതൽ 30/04/2026 വരെയുള്ള കാലയളവിലെ O R O P പെൻഷൻ പരിഷ്കരണ കുടിശ്ശികയ്ക്ക് ടിയാൾക്ക് അർഹതയുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

3) ഈ സാഹചര്യത്തിൽ, അക്കൗണ്ടന്റ് ജനറലിന്റെ സൂചന (1)-ലെ ഓതറൈസേഷന്റെ അടിസ്ഥാനത്തിൽ, ശ്രീമതി കെ. ഓമന ഫിലിപ്പിന്റെ 01/07/2019 മുതൽ 30/04/2026 വരെയുള്ള കാലയളവിലെ, ട്രഷറി ഡയറക്ടറുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വൺ റാങ്ക് വൺ പെൻഷൻ റിവിഷൻ കുടിശിക 18,79,991/- (പതിനെട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) നാല് തുല്യ ഗഡുക്കളായി 2026 നവംബർ മാസം മുതൽ പ്രതിമാസ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASANKAR K G
അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി ഓ ,തിരുവനന്തപുരം

4.ശ്രീമതി കെ. ഓമന ഫിലിപ്പ്, തെക്കേത്തലയ്ക്കൽ ഹൗസ്, പുത്തനങ്ങാടി, കോട്ടയം - 686 001.

5.നോഡൽ ഓഫീസർ www.finance.kerala.gov.in

6.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3681225)

ഉത്തരവിൻ പ്രകാരം

Digitally signed by
Sujeev S J
Date: 24-11-2026
17:47:48

സെക്ഷൻ ഓഫീസർ